**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4754** **11-08-2021 - ൽ മറുപടിയ്ക്ക്**

**സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഐ.എ.എസ് , ഐ.പി.എസ്, ഐ.എഫ്.എസ് തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവ് ഉണ്ടോ; വ്യക്തമാക്കാമോ; | (എ) | i) സംസ്ഥാനത്ത് ഐ.എ.എസ്. കേഡറിന്റെ അംഗീകൃത അംഗബലം 231 ആണെന്നിരിക്കെ നിലവിൽ 87 ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്. ii) ഐ.പി.എസ് കേഡറിന്റെ അംഗീകൃത അംഗബലം 172 ആണെങ്കിലും നിലവിൽ 82 ഐ.പി.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്. iii) ഐ.എഫ്.എസ് കേഡറിന്റെ അംഗീകൃത അംഗബലം 107 ആണെങ്കിലും നിലവിൽ 45 ഐ.എഫ്.എസ് ഉദ്യോഗസ്ഥരുടെ കുറവുണ്ട്. iv) എന്നാൽ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിൽ മറ്റ സംസ്ഥാന കേഡറുകളിൽ നിന്നും ഐ.എ.എസ്-ൽ 1ഉം, ഐ.പി.എസ് - ൽ 3ഉം, ഐ.എഫ്.എസ് -ൽ 8 ഉദ്യോഗസ്ഥരും നിലവിൽ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്. |
| (ബി) | ഒരു വകുപ്പ് മേധാവിയ്ക്ക്, പല വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | നേരിട്ടുള്ള നിയമനത്തിൽ കൂടിയും സ്ഥാനക്കയറ്റം / സെലക്ഷൻ മുഖേനയും കൂടുതൽ അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരെ സംസ്ഥാന കേഡറിൽ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | അഖിലേന്ത്യാ സർവ്വീസിൽ, കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (സി) | (i) കേരള കേഡറിലുള്ള ഐ.എ.എസ് ഉദ്യോഗസ്ഥരിൽ 22 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും, 2 പേർ മറ്റു സംസ്ഥാനങ്ങളിൽ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും, 6 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തു വരുന്നു. (ii) ഐ.പി.എസ് ഉദ്യോഗസ്ഥരിൽ നിലവിൽ 23 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും ഒരാൾ ഇന്റർ കേഡർ ഡെപ്യൂട്ടേഷനിലും 2 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും ജോലി ചെയ്തു വരുന്നു. iii) ഐ.എഫ്.എസ് ഉദ്യോഗസ്ഥരിൽ നിലവിൽ 14 പേർ കേന്ദ്ര ഡെപ്യൂട്ടേഷനിലും 5 പേർ സംസ്ഥാന സർക്കാരിന് കീഴിൽ സ്റ്റേറ്റ് ഡെപ്യൂട്ടേഷനിലും സേവനമനുഷ്ഠിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ